<u>കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ</u>

# <u>ഹെൽത്തി ആന്റ് ഹാപ്പിയെസ്റ്റ് സ്കൂൾ</u>

## I ആമുഖം

ആരോഗ്യവും, സന്തോഷവും, കാര്യശേഷിയുള്ളതും, വൈദഗ്ദ്ധ്യമുള്ളതും, ദീർഘ വീക്ഷണമുള്ളതും, പരസ്പര വിശ്വാസവും, മനുഷ്യത്ത്വവും, സാമൂഹ്യ ബോധവുമുള്ള ഒരു സമൂഹത്തെസൃഷ്ടിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഇടമാണ് സ്കൂളുകൾ. സ്കൂളും, രക്ഷിതാക്കളും സമൂഹവും പുതിയ തലമുറയുടെ സൃഷ്ടിയിൽ ഫലപ്രദമായി കൂട്ടായി ഇടപെടേണ്ടതുണ്ടത്. അനിവാര്യമാണ് അതിന് ഉതകുന്ന തരത്തിൽ ഒര് പഞ്ചായത്തിലെ എല്ലാ LP, UP സ്കൂളുകളേയും ചേർത്ത് ഒര് സമഗ്രപരിപാടി ഈ പരിപാചി വഴി ലക്ഷ്യം വയ്ക്കുന്നത്. ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് ആ മേഖലയിൽ ഉന്നതിയിൽ എത്താൻ കഴിയുന്ന തരത്തിൽ ഈ പരിപാടി വിഭാവനം ചെയ്യുന്നു. പഞ്ചായത്തും, സ്കൂളുകളേയും, PTA-കളും,സമൂഹവും ചേർന്നാണ് ഈ പരിപാടി വിഭാവനം ചെയ്യുന്നതും നിർവ്വഹിക്കുന്നതും. ഇത് ഒരു വർഷം കൊണ്ട് ചെയ്യേണ്ട പ്രവർത്തനമല്ല. തുടർച്ചയായി നടക്കേണ്ട പ്രവർത്തനമാണ്. ഒരു ഭരണ സമിതിയുടെ കാലം കൊണ്ടും അവസാനിക്കേണ്ടതല്ല ഇത് തുടർന്ന് കൊണ്ടേയിരിക്കേണ്ടതാണ്. ഈ പരിപാടിയിൽ ഭാഗമാവുന്ന ഓരോ കുട്ടിയേയും പരമാവധി പ്ലസ്ടുവരെ നിരന്തരമായി പരിശീലിപ്പിക്കും. പ്രത്യേകിച്ച് കല, കായിക, രംഗത്ത് ശാസ്ത്ര സാഹിത്യരംഗത്ത് വളരെ വൈദഗ്ദ്ധ്യം തെളിയിക്കുന്ന കുട്ടികൾക്ക് മാത്രം തുടർന്നും പ്ലസ്ടുവരെ പരിശീലനം നൽകും.

## II. ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. ശാരീരിക വളർച്ചക്ക് വേണ്ട പരിപാടികൾ വിഭാവനം ചെയ്ത് നടപ്പാക്കുക.
2. മാനസികാരോഗ്യം മെച്ചപ്പെടുത്തുക
3. കലാഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
4. കായികാഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
5. ശാസ്ത്രാവബോധം വർദ്ധിപ്പിക്കുക
6. മൃദുല വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുക
7. സാഹിത്യാഭിരുചി വർദ്ധിപ്പിക്കുക
8. സാമൂഹിക അവബോധവും, പ്രതിബദ്ധതയും വളർത്തുക
9. വിവിധ മേഖലയിലെ വൈദഗ്ദ്ധ്യം കണ്ടെത്തി വികസിപ്പിക്കുക.
10. രക്ഷിതാവ്, കുട്ടി, ടീച്ചർ, സമൂഹം ബന്ധം ശക്തിപ്പെടുത്തുക.

11. പാരിസ്ഥിതികാവബോധം വളർത്തുക
12. ഭാഷാപരിജ്ഞാനം ഉറപ്പാക്കുക
13. പഞ്ചായത്ത് തലത്തിൽ കുട്ടികളുടെ വൈദഗ്ദ്ധ്യപോഷണ പരിപാലന കേന്ദ്രം സ്ഥാപിക്കുക.

## III സമീപനം

1. ഒന്നാം ക്ലാസ്സിൽ ഈ പരിപാടിയിൽ ഉൾപ്പെടുന്ന കുട്ടിയെ എങ്ങിനെയാണ് പടിപടിയായി പ്ലസ് ടു വരെ കല, കായികം എന്നിവയിൽ പരിശീലിപ്പിക്കേണ്ടത് എന്ന ഒരു സിലബസ് ഇതിന്റെ ഭാഗമായി തയ്യാറാക്കും.
2. 1 മുതൽ 7 വരെ മാത്രം പരിശീലിപ്പിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ അവ ഓരോന്നും ഓരോ ഘട്ടത്തിലായി എങ്ങിനെ പരിശീലിപ്പിക്കാം, ഓരോ തലത്തിലും എന്തായിരിക്കണം രീതിശാസ്ത്രം എന്നത് കൃത്യമായി തയ്യാറാക്കും.
3. ആശയ വിനിമയത്തിന് കളികൾ, ചർച്ചകൾ, യാത്രകൾ, നിരീക്ഷണങ്ങൾ, അഭിമുഖങ്ങൾ വീഡിയോ പ്രദർശനങ്ങൽ, പരിപാടികളിൽ പങ്കെടുക്കൽ, അവതരണങ്ങൾ സ്കിറ്റുകൾ ഇത്തരത്തിലുള്ള രീതികളാവും ഉപയോഗിക്കുന്നത്.
4. സ്കൂൾ ക്ലാസ്സിന് തടസ്സം വരാതെ ചില കാര്യങ്ങൽ പാഠ്യവിഷയത്തിന്റെഭാഗമായും മറ്റ് ചില കാര്യങ്ങൾ സ്കൂൾ സമയത്തിന് മുൻപും സ്കൂൾ സമയം കഴിഞ്ഞും, അവധി ദിവസങ്ങളിലായും സംഘടിപ്പിക്കും.
5. സ്കൂൾ ആയിരിക്കും ഓരോ സ്ഥലത്തേയും കേന്ദ്രം
6. ത്രിതല പഞ്ചായത്തുകൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, രക്ഷിതാക്കൾ, ഫീസ്സ് ഇനത്തിൽ സന്നദ്ധസേവനം എന്നീ ഇനങ്ങളിൽ വിഭവസമാഹരണം ഉറപ്പാക്കും.
7. കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ, തയ്യാറാക്കുന്നവ, നിർമ്മിച്ചവ അവരുടെ കഴിവുകൾ, രചിച്ചവ എല്ലാം പൊതുജനത്തിന് മുന്നിൽ പ്രദർശിപ്പിക്കാനും അംഗീകാരം നൽകാനും പരിപാടി ഉണ്ടാവും.
8. കുട്ടികളിൽ ഉണ്ടായ മാറ്റത്തെ(പോസിറ്റീവും നെഗറ്റീവും) കൃത്യമായി ഡോക്യുമെന്റ് ചെയ്ത് പൊതുജനത്തെ ബോദ്ധ്യപ്പെടുത്തും.
9. ഏകോപിപ്പിച്ച് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ചെയ്യാൻ സംവിധാനമുണ്ടാക്കും.
10. ജന്റർ ഇക്വാളിറ്റി, ജന്റർ ഇക്വിറ്റി എന്നിവയിൽ ധാരണയുണ്ടാക്കുക. പ്രാക്റ്റീസ് ചെയ്യിക്കുക, ആശയവ്യക്തത ഉണ്ടാക്കുക എന്ന തരത്തിൽ ആയിരിക്കണം.

## IV ഗുണഭോക്താക്കൾ

- ഈ പരിപാടിയിൽ പഞ്ചായത്തിലെ എൽ.പി, യു.പി കുട്ടികൾ എല്ലാം ഗുണഭോക്താക്കൾ ആയിരിക്കും. കൂടാതെ കുട്ടിയെ കേന്ദ്രീകരിച്ചുള്ള പരിപാടികളിൽ രക്ഷിതാക്കളും, അദ്ധ്യാപകരും ഗുണഭോക്താക്കൾ ആയിരിക്കും.
- എയിഡഡ്, അൺ എയിഡഡ് സ്കൂളിലെ കുട്ടികളെയെല്ലാം ഇതിൽ ഉൾപ്പെടുത്തും.
- ഓരോ വിഷയത്തിൽ ടാലന്റുള്ള കുട്ടികളെ കണ്ടെത്തി അധികമായി പരിശീലനം നൽകും. ഇത്തരത്തിൽ നിശ്ചയിക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ ലിസ്റ്റും, തെരെഞ്ഞെടുത്ത രീതിയും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങും.

## V പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ കൈവരിക്കാൻ ചുവടെ കൊടുത്തിട്ടുള്ള പ്രധാനപ്പെട്ടതും, അതിനുപരി അപ്പപ്പോൾ വരുന്ന അല്ലാത്തതുമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യേണ്ടതായിട്ടുണ്ട്.

1. **സംഘാടക സമിതിയോഗം**

- പഞ്ചായത്ത് തല സംഘാടക സമിതി ചേർന്ന് പ്രവർത്തന മാനുവൽ തയ്യാറാക്കണം.
- പഞ്ചായത്ത്, സ്കൂൾതല സംഘാടക സമിതി യോഗങ്ങൾ ചേർന്ന് പ്രവർത്തന മാനുവൽ ചർച്ച ചെയ്ത് അന്തിമമാക്കും.
- തയ്യാറാക്കിയ പ്രവർത്തന മാനുവൽ പ്രസിദ്ധീകരിക്കും.
- സ്കൂൾതല സംഘാടക സമിതിക്ക് കീഴിൽ ഓരോ പരിപാടിക്കും പ്രത്യേക സംഘാടക സമിതികൾ രൂപീകരിക്കും.
- സംഘാടക സമിതികൾക്ക് പരിശീലനം സംഘടിപ്പിക്കും.
- പഞ്ചായത്ത്തല പ്രവർത്തന ഉത്ഘാടനം
- സ്കൂൾതല പ്രവർത്തന ഉത്ഘാടനം
- കല, കായിക, പരിശീലനങ്ങളുടെ പ്രത്യേക ഉത്ഘാടനം.
- ഓിഭവ സമാഹരണ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ സംഘാടനം.

2. **അക്കാഡമിക് കമ്മറ്റി**
    1. പഞ്ചായത്ത് തല അക്കാഡമിക് കമ്മറ്റിയും വിവിധ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവർ, വൈദഗ്ദ്ധ്യമുള്ള സ്ഥാപന പ്രതിനിധികൾ എന്നിവരേയും ചേർത്ത് പഞ്ചായത്തിൽ ത്രിദിന ശിൽപ്പശാല സംഘടിപ്പിക്കും.
    2. ഇതിന്റെ ഭാഗമായി കലാരംഗത്ത്, കായിക രംഗത്ത്, സാഹിത്യരംഗത്ത്, ശാസ്ത്രരംഗത്ത് ഒക്കെ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തേണ്ട രീതിശാസ്ത്രം വികസിപ്പിക്കും.
3. **കുട്ടികളുടെ ശാരീരിക വളർച്ച**

ആരോഗ്യമുള്ള സമൂഹത്തിന്റെ അടിസ്ഥാനം ആരോഗ്യമുള്ള യുവതലമുറയാണ്. അതിൽ ശാരീരിക ആരോഗ്യത്തിന് വളരെ പ്രാധാന്യമുണ്ട്. അതിന് ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്.

1. പോഷകാഹാര ലഭ്യത ഉറപ്പു വരുത്തൽ
2. ഹെൽത്ത് ചെക്കപ്പ് ആന്റ് ഹെൽത്ത് കാർഡ് നൽകലും, നിരന്തര മോണിറ്ററിങ്ങും.
3. യോഗ പരിശീലനം
4. രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും കുട്ടികളുടെ ശാരീരിക ആരോഗ്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കൽ
5. സ്കൂൾ പരിസരം, ക്ലാസ്സ് റൂം, ശുചിത്വ പരിപാലനം ഉറപ്പാക്കൽ.
6. ക്ലാസ്സ് റൂമുകളിൽ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തൽ
7. സ്കൂളുകളിൽ വൃത്തിയുള്ള ടോയ്‌ലെറ്റുകൾ
8. സ്കൂളുകളിൽ കളിസ്ഥല ലഭ്യത ഉറപ്പ് വരുത്തൽ
9. ജീവിതശൈലിയും വിവിധ രോഗങ്ങളും സംബന്ധിച്ച് അറിവ് നൽകൽ

4. **മാനസിക വളർച്ച**

    ശാരീരിക വളർച്ചപോലെ പ്രധാനമാണ് മാനസ്സിക വളർച്ചയും. മാനസ്സിക വികാസനും, മാനസ്സിക സുസ്ഥിരതയ്ക്കും ഉതകുന്ന തരത്തിലുള്ള അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്.

    1. കുട്ടികളുടെ ചിന്ത, കാഴ്ച്ചപ്പാട്, കേൾവി എന്നിവ വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ
    2. കൗൺസലിങ്ങ് സൗകര്യമൊക്കൽ

3. വായനക്കും, വിഷ്വൽ ലൈബ്രറിക്കും ഓഡിയോ ലൈബ്രറിക്കും ഉള്ള സംവിധാനമൊരുക്കൽ
4. പിയർ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കൽ
5. കൂട്ടായ യാത്രകൾക്ക് അവസരമൊരുക്കൽ
6. മാനസ്സികോല്ലാസ പരിപാടികൾ സംഘടിപ്പിക്കൽ

**5. കലാഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.**

വിവിധ കലകളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി അവർക്ക് നിരന്തരമായ പരിശീലനം നൽകാനും, അവരിലെ നൂതന ആശയങ്ങൾ, പ്രവർത്തനങ്ങൾ, അനുഭവങ്ങൾ എന്നിവ ബോധ്യപ്പെടാനും അവസരമൊരുക്കാൻ ഇത് വഴി കഴിയണം. ആ പ്രദേശത്തെ പഞ്ചായത്തുകളേയും പരിശീലിപ്പിക്കുകയും അതിനെ ചെറു ഗ്രൂപ്പുകളാക്കി മാറ്റുകയും ചെയ്യണം.

1. കലാഭിരുചി കണ്ടെത്തൽ
2. അഭിരുചിക്ക് അതിനനുസരിച്ചുള്ള പരശീലനങ്ങൾ നൽകുക
3. കലാരൂപങ്ങൾ അവതരിപ്പിക്കാനുള്ള വേദികൾ ഒരുക്കൽ
4. കലാരൂപങ്ങൾ കാണാനും പരിചയപ്പെടാനും ഉള്ള അവസരമൊരുക്കൽ
5. പ്രശസ്ത കലാകാരൻമാരുമായി സംവദിക്കാനുള്ള അവസരമൊരുക്കൽ
6. കലാട്രൂപ്പുകൾക്ക് രൂപം നൽകൽ
7. ഇതിന് സഹായകമായ രീതിയിൽ രക്ഷിതാക്കൾക്കും, അദ്ധ്യാപകർക്കും അവബോധം സൃഷ്ടിക്കൽ
8. കലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കൽ

**6. കായികാഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

കായികരംഗത്തും, വിവിധ കളികളിലും താൽപ്പര്യമുള്ളവരെ കണ്ടെത്തി പരിശീലിപ്പിക്കുക, ടീമുകളാക്കുക മാറ്റ് ഉരക്കാൻ അവസരങ്ങൾ ഒരുക്കുക ഇവയൊക്കെ ഇതിൽ പ്രധാനമാണ്.

1. വിവിധ കായിക ഇനത്തിലുള്ള അഭിരുചി കണ്ടെത്തൽ
2. ഇതിന്റെ അടിസ്ഥാനത്തിൽ പരിശീലനങ്ങൾ നടത്തൽ
3. ട്രൂപ്പുകൾ ഉണ്ടാക്കൽ, മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ
4. പ്രശസ്ത കായിക താരങ്ങളുമായി സംവദിക്കുന്നതിനുള്ള അവസരമൊരുക്കൽ
5. വിവിധ കായിക ഇനങ്ങൾ പരിചയപ്പെടുത്തൽ

6 ഇതിന് സഹായകമായ രീതിയിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കൽ

**7. ശാസ്ത്രാവബോധം വളർത്തൽ**

ശാസ്ത്ര വിഷയങ്ങളിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാനും പരിശീലിപ്പിക്കാനും കഴിയുന്നതോടൊപ്പം ശാസ്ത്രവബോധത്തിനായി മിനിമം കാര്യങ്ങൾ എല്ലാ കുട്ടികളിൽ എത്തിക്കാനും പരിശീലിപ്പിക്കാനും ഈ പരിപാടി വഴി കഴിയണം.

1. ശാസ്ത്ര ക്ലാസ്സുകൾ സംഘടിപ്പിക്കൽ
2. ശാസ്ത്ര സംബന്ധമായ വീഡിയോ പ്രദർശനങ്ങൾ സംഘടിപ്പിക്കൽ
3. കുട്ടികളുടെ ജനകീയ ലാബ് വികസിപ്പിക്കൽ
4. ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്ന കളികൾ പരിശീലിക്കൽ
5. ശാസ്ത്ര ക്വിസ് മത്സരങ്ങൾ
6. ശാസ്ത്രാവബോധം വളർത്തുന്നതിനുതകുന്ന സ്ഥലസന്ദർശനങ്ങൾ
7. വിവിധ മോഡലുകളുടെ നിർമ്മാണ പ്രവർത്തികൾ നടത്താൻ വേണ്ട സഹായം നൽകൽ.
8. ശാസ്ത്ര സ്ഥാപനങ്ങൾ സന്ദർശിക്കാനും പഠിക്കാനും അവസരമൊരുക്കൽ
9. പ്രശസ്ത ശാസ്ത്രജ്ഞരുമായി സംവദിക്കാൻ അവസരമൊരുക്കുക.
10. ശാസ്ത്ര പഠനം, അന്വേഷിക്കണം, പ്രോജക്റ്റ് എന്നിവചെയ്യാൻ അവസരമൊരുക്കൽ
11. ശാസ്ത്രമോഡൽ, ഗവേഷണം, പ്രോജക്റ്റ്, പഠനം എന്നിവ പ്രദർശിപ്പിക്കാനും അവതരിപ്പിക്കാനും അവസരമൊരുക്കൽ

**8. മൃദുല വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കൽ**

എല്ലാ കുട്ടികളിലും ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങളിലുള്ള കഴിവ് വർദ്ധിപ്പിക്കും. എന്നാൽ മറ്റ് വിഷയങ്ങളുടെ നിർവ്വഹണത്തിലും ഇത്തരം കഴിവുകൾ വികസിപ്പിക്കുന്നതിന് അതിനകത്ത് തന്നെ പരിപാടി ഉണ്ടാവും.

1. ലീഡർഷിപ്പ് ക്വാളിറ്റി ഉയർത്തൽ
2. പ്രശ്ന പരിഹാരശേഷി വർദ്ധിപ്പിക്കൽ
3. ചർച്ചകൾ സംഘടിപ്പിക്കലും നടത്തിപ്പും സംബന്ധിച്ച കഴിവ് വർദ്ധിപ്പിക്കൽ
4. റിപ്പോർട്ട് എഴുതൽ ശേഷി ഉണ്ടാക്കൽ
5. അവതരണശേഷി വർദ്ധിപ്പിക്കൽ

6. പ്രസംഗ വൈദഗ്ദ്ധ്യം വികസിപ്പിക്കൽ

7. കമ്മ്യൂണിക്കേഷൻ വൈദഗ്ദ്ധ്യം ആർജിക്കൽ

8. ഗവേഷണ വൈദഗ്ദ്ധ്യം വികസിപ്പിക്കൽ

9. പരസ്പര വിശ്വാസം, ദയ പരസ്പരം അംഗീകരിക്കൽ എന്നിവ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

**9. സാഹിത്യാഭിരുചി വർദ്ധിപ്പിക്കൽ**

- നാടകം, കഥ, കവിത, ഉപന്യാസം ആസ്വാദന കുറിപ്പ്, യാത്ര വിവരണം തുടങ്ങിയവയിൽ അഭിരുചി ഉള്ളവരെ കണ്ടെത്തൽ പരിശീലനം നൽകൽ.
- ഓരോ മേഖലയിലും പ്രശസ്തരായവരുമായി സംവദിക്കാൻ അവസരംമൊരുക്കൽ
- അഭിരുചിയുള്ള മേഖലയിൽ സൃഷ്ടികൾ വായിക്കാനും ചർച്ചചെയ്യാനുമുള്ള അവസരമൊരുക്കൽ
- സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കൽ
- അവതരിപ്പിക്കാനുള്ള പൊതു വേദികൾ നൽകൽ

**10 പഠന ഗവേഷണ പ്രവർത്തനങ്ങളിലുള്ള അഭിരുചി വർദ്ധിപ്പിക്കൽ**

1. പാഠ്യവിഷയവുമായി ബന്ധപ്പെട്ട് പ്രാദേശീക പഠനങ്ങൾ, പ്രോജക്റ്റുകൾ തയ്യാറാക്കൽ, അവതരണം എന്നിവക്ക് അവസരം നൽകൽ
2. വിവരങ്ങൾ ശേഖരിക്കാനും വിശകലനം നടത്താനും
3. നിഗമനങ്ങളിൽ എത്താൻ പഠിപ്പിക്കൽ
4. പഠന ഗവേഷണ പ്രവർത്തനങ്ങൾ, റിപ്പോർട്ട് അവതരിപ്പിക്കാനും പ്രസിദ്ധീകരിക്കാനും അവസരമൊരുക്കുന്നു.

**11.സാമൂഹിക അവബോധം വളർത്തൽ**

സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനം എല്ലാ കുട്ടികളിലും നടത്തേണ്ട പ്രവർത്തനമാണ്.

1. സാമൂഹിക സംവിധാനങ്ങൾ സ്ഥാപനങ്ങൾ സന്ദർശിക്കൽ പരിചയപ്പെടുത്തൽ
2. ഭരണ സംവിധാനങ്ങളെയും അവയുടെ ഉത്തരവാദിത്തങ്ങളെയും ബോധ്യപ്പെടുത്തൽ
3. പൗരബോധം, കുട്ടികളുടെ അവകാശം എന്നിവ ബോധ്യപ്പെടുത്തൽ

4. കുട്ടികൾക്കായുള്ള സംവിധാനങ്ങൾ പരിചയപ്പെടുത്തുക.
5. നിയമങ്ങൾ പരിചപ്പെടുത്തുക(റോഡ് സുരക്ഷ, 'ട്രാഫിക് നിയമങ്ങളോടെ)

**12. വൈദഗ്ദ്ധ്യ വികസനം**

കുട്ടികളിൽ താൽപ്പര്യമുള്ള വിവിധ മേഖലയിൽ പരിശീലനം നൽകൽ ഇതൊക്കെ അടിസ്ഥാനമാക്കി പരിശീലനം മാത്രമായിരിക്കും നൽകുക. പ്രത്യേകിച്ചും ഒരു വീട്ടിൽ അത്യാവശ്യം വേണ്ടത് ഇതുമായി ബന്ധപ്പെട്ട സാധ്യതകൾ എന്നിവയെല്ലാം ബോധ്യപ്പെടുത്തും.

1. ഫോട്ടോഗ്രാഫി, പാചകം, കംപ്യൂട്ടർ, ഇലക്ട്രോണിക്സ് ഇലക്ട്രിക്, എഞ്ചിനീയറിംഗ് ഇത്തരത്തിൽ വിവിധ മേഖലകളിൽ പഠിക്കാൻ താൽപ്പര്യമുള്ള വൈദഗ്ദ്ധ്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുക. കൂടാതെ ഇത്തരം കാര്യങ്ങളിൽ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ എല്ലാ കുട്ടികളേയും പഠിപ്പിക്കാനും സംവിധാനമൊരുക്കും.

**13. പാരിസ്ഥിതികാവബോധം വളർത്തുക**

എല്ലാ കുട്ടികളും പരിസ്ഥിതിയെ കുറിച്ച് അറിയുന്ന, പ്രകൃതിയെ സ്നേഹിക്കുന്നവരാവണം. അതിന് അവരെ ഈ പ്രവർത്തനങ്ങൾ വഴി പ്രാപ്തയാക്കാൻ കഴിയും.

1. പരിസ്ഥിതിയും മനുഷ്യനും
2. പരിസ്ഥിതിക വ്യതിയാനങ്ങൾ
3. കാലാവസ്ഥ വ്യതിയാനങ്ങൾ
4. കൃഷി, ഗാർഡനിംഗ്
5. കുടിവെള്ള സംരക്ഷണം
6. മണ്ണിന്റെ ഘടനകൾ പ്രത്യേകതകൾ
7. പുഴകൾ, ജല സംഭരണികൾ സംരക്ഷണവും ആവശ്യകതയും
8. വീഡിയോ പ്രദർശനം, സന്ദർശനങ്ങൾ, ക്വിസ് മത്സരങ്ങൾ, പ്രബന്ധങ്ങൾ തയ്യാറാക്കൽ, പഠനങ്ങൾ നടത്തൽ

**14.ഭാഷാപരിജ്ഞാനം ഉറപ്പാക്കുക.**

എല്ലാ കുട്ടികളേയും ഹിന്ദി, ഇംഗ്ലീഷ്, മലയാളം ഭാഷകൾ നന്നായി എഴുതാനും, സംസാരിക്കാനുമുള്ള കഴിവ് വളർത്തുകയാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്.

1. ഇതിനായി ഒര് അക്കാഡമിക് ടീമിന് രൂപം നൽകുക.
2. പരിശീലന മോഡ്യൂൾ തയ്യാറാക്കുക
3. പ്രത്യേക റിസോഴ്സ് ടീമിന് രൂപം നൽകുക
4. ഭാഷാ അദ്ധ്യപകരെ പരിശീലിപ്പിക്കുക
5. കുട്ടികളെ പരിശീലിപ്പിക്കുക
6. പ്രാക്ടീസ്സ് ചെയ്യാനായി വിവിധ വേദികൾ ഒരുക്കുക
7. കഴിവിൽ വന്ന മാറ്റം വിലയിരുത്താൻ സംവിധാനമൊരുക്കുക.

**15.വൈദഗ്ദ്ധ്യപോഷണ പരിപാലന കേന്ദ്രം**

കുട്ടികളുടെ വൈദഗ്ദ്ധ്യം പരിപോഷിപ്പിക്കുന്നതിനായി ചെയ്യുന്ന ഈ പരിപാടിക്ക് ഒര് കേന്ദ്രം പഞ്ചായത്തിൽ ഉണ്ടാവണം. അത് കുട്ടികൾക്ക് എപ്പോഴും വരാവുന്ന, അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാവുന്ന, ചില കാര്യങ്ങൾ പരിചയിക്കാവുന്ന ഇടമായിരിക്കണം ഈ കേന്ദ്രം.

1. ഇവിടെ കുട്ടികളുടെ ലൈബ്രറി, വിഷ്വൽ ലൈബ്രറി ഓഡിയോ ലൈബ്രറി, വിജ്ഞാന ഗെയിമുകൾ എന്നിവ ഉണ്ടാവണം.
2. ഇന്റർനെറ്റ് സംവിധാനം ഉണ്ടാവണം
3. കുട്ടികളുമായി ബന്ധപ്പെട്ട ഇൻഫർമേഷൻ സെന്റർ ആയിരിക്കണം
4. ഇതിന് മനോഹരമായ ഒരു കെട്ടിടം ഉണ്ടാവണം.
5. ഈ പരിപാടിയുടെ അക്കാഡമിക് സെന്റർ ആയിരിക്കണം.
6. ഹോം തീയറ്റർ ഉണ്ടായിരിക്കണം
7. അീറ്റിങ്ങുകൾ, പരിശീലനം എന്നിവയ്ക്ക് സംവിധാനമുണ്ടാവണം.
8. ലഘു പരീക്ഷണശാല, പ്രാക്ടിക്കൽ ലാബാ നിർമ്മാണ ലാബ് എന്നിവ ഉണ്ടാവ ണം.

## VI. സംഘാടനം

ഇത് വളരെ ബ്രഹത്തായ സംഘാടനം വേണ്ട ഒരു പരിപാടി ആയതിനാൽ പഞ്ചായത്ത് തലത്തിലും, നടക്കുന്ന ഓരോ സ്കൂളിലും സംഘാടക സമിതികൾ അനിവാര്യമാണ്. സംഘാടക സമിതിക്ക് പുറമേ പഞ്ചായത്തിൽ ഒരു അക്കാഡമിക് കമ്മറ്റിയും ഉണ്ടായിരി ക്കണം. ഓരോ സ്കൂളിലും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ അദ്ധ്യാര കർക്ക് പുറമേ വിദഗ്ദ്ധരായ ആളുകളെ ചേർത്ത് സ്കൂൾതല അക്കാഡമിക് കമ്മറ്റിക്ക് രൂപം നൽകണം. കൂടാതെ സ്കൂൾ തലത്തിൽ നടക്കുന്ന ഓരോ വിഭാഗത്തിന്റെ

പ്രവർത്തനങ്ങൾക്കും സ്കൂൾതല സംഘാടക സമിതിയുടെ നേതൃത്വത്തിൽ അവിടുത്തെ ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേകം പ്രത്യേകം കമ്മറ്റികൾ ഉണ്ടാവണം.

**പഞ്ചായത്തുതല സംഘാടന സമിതി**

ഇതിന്റെ മൊത്തം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു ജനറൽ ബോഡിയും അതിൽ നിന്നും ഒരു സംഘാടക സമിതിക്കും രൂപം നൽകും. ജനറൽ ബോഡിയിൽ അദ്ധ്യാപക പ്രതിനിധികളായി ആകെ 10 പേർ രക്ഷിതാക്കളുടെ പ്രതിതിധിയായി 10 പേർ, എല്ലാ സ്കൂളിലേയും HM-മാർ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പഞ്ചായത്ത് ജനപ്രതിനിധികൾ, ആസൂത്രണസമിതി അംഗങ്ങൾ, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, മഹിളാ സംഘടനാ പ്രവർത്തകർ (വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സംഘടനാ സംവിധാനം) പഞ്ചായത്ത്തല അക്കാഡമിക് കമ്മറ്റി യോഗങ്ങൾ, CDS-തെരഞ്ഞെടുക്കപ്പെട്ടവർ ജനറൽബോഡിയേഗം കുറഞ്ഞത് വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ചേരണം.

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | പ്രസിഡന്റ് |
| ഉപാധ്യക്ഷൻ | - | ആരോഗ്യ വിദ്യാഭ്യാസത്തിന്റെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ |
| കൺവീനർ | - | എച്ച്. എം(ഇംപ്ലിമെന്റിംഗ് ഓഫീസർ) |
| ജോയിന്റ് കൺവീനർ | - | അദ്ധ്യപക/ൻ, സന്നദ്ധ പ്രവർത്തക/ൻ |
| കമ്മറ്റി അംഗങ്ങൾ | - | നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലേയും HMമാർ<br>മഹിള സമഖ്യ പ്രവർകർ, പിറ്റിഎ പ്രസിഡന്റുമാർ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ, അക്കാഡമിക് കമ്മറ്റി, കൺവീനർ, BRCമെമ്പർ, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷ/ൻ, ST,SC പ്രമോട്ടർമാർ. |

**അക്കാഡമിക് കമ്മറ്റി**

ഇതിന്റെ അക്കാഡമിക് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും, അക്കാഡമിക് കോഡിനേഷനും, അക്കാഡമിക് മോണിറ്ററിങ്ങിനുമായി പഞ്ചായത്ത് തലത്തിൽ ഒര് അക്കാഡമിക് കമ്മറ്റി രൂപം നൽകുന്നു.

| | | |
|---|---|---|
| ചെയർമാൻ | - | വിഷയ വിദഗ്ദ്ധ/ൻ |
| വൈസ് ചെയർമാൻ | - | ആസൂത്രണ സമിതി ഉപാധ്യക്ഷൻ,<br>നിർവ്വഹണ ഉദ്യോഗസ്ഥ/ൻ |
| കൺവീനർ | - | സന്നദ്ധ പ്രവർത്തക/ൻ |
| ജോയിന്റ് കൺവീനർ | - | സന്നദ്ധ പ്രവർത്തക/ൻ |
| അംഗങ്ങൾ | - | വിവിധ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവർ<br>നടപ്പിലാക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകർ<br>(ഇത്തരത്തിൽ പരമാവധി 25 പേരടങ്ങുന്ന കമ്മറ്റി) |

**സ്കൂൾതല സംഘാടക സമിതി**

സ്കൂൾ കേന്ദ്രീകരിച്ച് ഒരു സംഘാടക സമിതിക്ക് രൂപം നൽകണം. ഈ സംഘാടക സമിതിയിൽഒരു ജനറൽബോഡിയും ഉണ്ടാകും, ജനറൽബോജിയിൽ ആ സ്കൂളിലെ അദ്ധ്യാപകർ, PTA, MPTA ഭാരവാഹികൾ, സംഘടനാ പ്രതിനിധികൾ അക്കാഡമിക് കമ്മറ്റി അംഗങ്ങൾ എന്നിവർ അംഗങ്ങളായിരിക്കും. കുറഞ്ഞത് വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഇവരുടെ യോഗം ചേരണം.

| | | |
|---|---|---|
| ചെയർമാൻ | - | വാർഡ് മെമ്പർ |
| കൺവീനർ | - | പി.റ്റി.എ സെക്രട്ടറി |
| കൺവീനർ | - | എച്ച്.എം, പി.റ്റി.എ പ്രസിഡന്റ് |
| ജോയിന്റ് കൺവീനർ | - | സന്നദ്ധ പ്രവർത്തക/ൻ |
| അംഗങ്ങൾ | - | വിവിധ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവർ |

സ്കൂൾതല അക്കാഡമിക് കമ്മറ്റി കൺവീനർ ഇത്തരത്തിൽ ആകെ ഈ കമ്മറ്റിയിൽ 11 അംഗങ്ങൾ ഉണ്ടാവും. കുറഞ്ഞത് മാസത്തിൽ ഒരു തവണ ഈ കമ്മറ്റിയോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ ആലോചിച്ച് മുന്നോട്ട് പോകും. സ്കൂൾ തല സംഘാടക സമിതിയുടെ നേതൃത്വത്തിൽ സ്കൂളിലും, പ്രാദേശികമായും, ഫീൽഡിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന്, ക്ലബ്ബുകൾ ഗ്രന്ഥശാലകൾ തുടങ്ങിയ ഇടങ്ങളിൽ നിന്നും സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

**സ്കൂൾതല അക്കാഡമിക് കമ്മറ്റി**

പഞ്ചായത്ത്തല അക്കാഡമിക് കമ്മറ്റി തയ്യാറാക്കുന്ന പരിപാടികൾ പ്രാദേശികമായി പ്രാവർത്തികമാക്കുന്നതിനും, പ്രാദേശിക പ്രത്യേകതകൾ സാധ്യതകൾ അനുസരിച്ച് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ശേഷിയും അക്കാഡമിക് കമ്മറ്റികൾ സ്കൂൾ തലത്തിൽ ആരംഭിക്കും.

| | | |
|---|---|---|
| ചെയർപേഴ്സൺ | - | സ്കൂൾ എച്ച്.എം |
| വൈസ് ചെയർപേഴ്സൺ | - | വിദഗ്ദ്ധ/ൻ |
| കൺവീനർ | - | ഒരു അദ്ധ്യാപകൻ |
| ജോ.കൺവീനർ | - | രണ്ട് സന്നദ്ധ പ്രവർത്തകരായ വിദഗ്ദ്ധർ |
| | - | വിവിധ വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവർ- 6 പേർ |

ഈ കമ്മറ്റിയിൽ പരമാവധി 15 പേർ ഉണ്ടാവും. പഞ്ചായത്ത് തലത്തിൽ വിഭാവനം ചെയ്യുന്ന പരിപാടി അക്കാഡമിക്കലി കോഡിനേറ്റ് ചെയ്യുകയും,നിർവ്വഹിക്കുകയും, മോണിറ്റർ ചെയ്യുകയും ഇതിനുപാതിയായി ഓരോ പരിപാടിയും കൂടുതൽ മെച്ചപ്പെടുത്താനും തനതായി എന്ത് ചെയ്യാം എന്ന് ആലോചിച്ച് നിർവ്വഹണ നേതൃത്വം നൽകുന്നതും ഈ കമ്മറ്റിയുടെ ഉത്തരവാദിത്വമായിരിക്കും. പഞ്ചായത്ത്തല സ്കൂൾതല അക്കാഡമിക് കമ്മറ്റിക്ക് അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ ലക്ഷ്യാധിഷ്ടിതവും, അക്കാഡമിക്കലി ക്വാളിഫൈഡും ആകുന്നതിന് വിവിധ വിദഗ്ദ്ധർ, അക്കാഡമിക് സ്ഥാപനങ്ങൾ സംഘടനകൾ എന്നിവരെ ലിസ്റ്റ് ചെയ്ത് അവരുടെ സേവനം ഉപയോഗിക്കുന്നതാണ്.

**പഞ്ചായത്ത്തല ശിൽപ്പശാല**

പഞ്ചായത്ത്തല സംഘാടക സമിതി ചേർന്ന് നടത്തേണ്ട പരിപാടിയുടെ സംഘാടനം, തുടർപ്രവർത്തനം എന്നിവ സംബന്ധിച്ച് വിപുലമായ പ്രവർത്തന മാനുവൽ തയ്യാറാക്കും. പഞ്ചായത്ത്തല സംഘാടകസമിതി, സ്കൂൾതല സംഘാടക സമിതി, പഞ്ചായത്ത്തല അക്കാഡമിക് കമ്മറ്റി അംഗങ്ങൾ സ്കൂൾതല അക്കാഡമിക് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യം, അടിയന്തിരമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും ഓരോ കമ്മറ്റിയുടെ ഉത്തരവാദിത്വങ്ങൾ, പ്രവർത്തന രീതി, മൊത്തത്തിൽ എടുക്കേണ്ട സമീപനം എന്നിവ സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള പ്രവർത്തന മാനുവൽ വിശദീകരിക്കുകയും വെവ്വേറെ ഗ്രൂപ്പുകളായിരുന്ന് ചർച്ച ചെയത് ആശയ വ്യക്തത വരുത്തുകയും ചെയ്യുക. ഈ പരിശീലത്തെ തുടർന്ന് ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ ആസൂത്രണം ചെയ്യണം.

1. മൂന്ന് ദിവസത്തെ അക്കാഡമിക് വർക്ക്ഷോപ്പ് നിശ്ചയിക്കും

2. എല്ലാ വീട്ടിലും കുട്ടികളുടെ കൈയ്യിൽ കൊടുത്ത് വിടാനുള്ള പരിപാടി സംബന്ധിച്ച വിശദവിവരം തയ്യാറാക്കിയ കുറിപ്പ് ഓരോ സ്കൂളുകളിലേക്കും കൊടുത്ത് വിടും
3. എല്ലാ സ്കൂളുകളിലേയും പി.റ്റ.എ യോഗം വിളിച്ച് ഇത് വിശദീകരിക്കാനുള്ള തീയ്യതി നിശ്ചയിക്കും.

കൂടാതെ പഞ്ചായത്ത് തലത്തിലും, സ്കൂൾ തലത്തിലും, പരിപാടി തലത്തിലും വിപുലമായ ഉത്ഘാടന പരിപാടികൾ സംഘടിപ്പിക്കും. തുടർന്ന് പഞ്ചായത്ത് തല അക്കാഡമിക് കമ്മറ്റി മൂന്ന് ദിവസം കൂടി കരട് സിലബസ്സുകൾ തയ്യാറാക്കി വിവിധ തലങ്ങ്ഹളിൽ ചർച്ച നടത്തിയ ശേഷം അന്തിമമാക്കാനായി വീണ്ടും 4 ദിവസത്തെ റൈറ്റ് ഷോപ്പ് നടത്തി പരിപാടിക്ക് അന്തിമരൂപം നൽകും.

**കുട്ടികളുടെ ശാരീരിക വളർച്ച ഉറപ്പ് വരുത്തൽ**

1. എൽ.പി, .യു.പി സ്കൂളുകളിലെ കുട്ടികളുടെ ഉച്ചഭക്ഷണത്തിൽ, മാംസം, മുട്ട, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ ഉൾപ്പെടുത്തുക, പാൽ ലഭ്യമാക്കുക, സ്കൂളുകൾക്ക് ആവശ്യമായ പാൽ, മുട്ട, പച്ചക്കറി, ഇലക്കറി, മാംസം എന്നിവ ആ പഞ്ചായത്തിൽ തന്നെ ഉത്പാദിപ്പിച്ച് സ്ഥിരമായി ലഭ്യമാക്കാനായി പ്രത്യേകം തൊഴിൽ ഉത്പാദന യൂണിറ്റുകൾ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സജ്ജമാക്കും. കൂടാതെ സ്കൂളുകളിൽ സ്ഥിരമായി കുട്ടികൾക്ക് ഇത്തരത്തിൽ ഭക്ഷണം പാചകം ചെയ്ത് നൽകുന്നതിന് മേൽനോട്ടം വഹിക്കാനായി രക്ഷിതാക്കളുടെ ചെറു ഗ്രൂപ്പുകൾ ഉണ്ടാക്കി ആഴ്ചയിൽ ഒരിക്കൽ ഓരോ ഗ്രൂപ്പിനും റൊട്ടേറ്റ് ചെയ്ത് ചുമതല നൽകും . ഇതിന്റെ മൊത്തം സംഘാടനവും മേൽനോട്ടവും അതത് സ്കൂളുകളിലെ പി.റ്റി.എ നിർവ്വഹിക്കും
2. എല്ലാ കുട്ടികൾക്കു ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡ് നൽകും. വർഷത്തിൽ മൂന്ന് പ്രാവശ്യം ഇത്തരത്തിൽ ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡ് അപ്ഡേറ്റ് ചെയ്യും. ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉള്ള കുട്ടികളെ തുടർ ചികിത്സക്ക് കഴിവില്ലാത്തവരാണെങ്കിൽ അവരെ ചികിത്സിക്കാൻ സംവിധാനമുണ്ടാക്കും. അത് രോഗത്തിന്റെ വലിപ്പത്തിന് അനുസരിച്ച് ചികിത്സിക്കാൻ വേണ്ട വിഭവസമാഹരണം നടത്തും. ഇത് കൃത്യാമായി ചെയ്യുന്നു എന്ന് സ്കൂൾതല സംഘാടക സമിതി ഉറപ്പ് വരുത്തണം. ഇതിന്റെ നടത്തിപ്പ് ഉത്തരവാദിത്വം പൂർവ്വ വിദ്യാർത്ഥി ഗ്രൂപ്പിനായിരിക്കും.

3. പഞ്ചായത്തിൽ പ്രോജക്റ്റ് വച്ച് എല്ലാ ദിവസവും രാവിലെ 9.30 മുതൽ 10 മണിവരെയും , വൈകുന്നേരം 3.45 മുതൽ 4.15 വരേയും കുട്ടികളെ യോഗ പരിശീലിപ്പിക്കും. അതിനായി പരിശീലനം ലഭിച്ച ഒരു ടീമിനെ സജ്ജമാക്കും, കുട്ടികളെ പഠിപ്പിക്കാനായി ഇതിന് പ്രത്യേകം സിലബസ്സ് തയ്യാറാക്കും.
4. സ്കൂൾ പരിസരം, ക്ലാസ്സ് റൂം ,ടോയിലെറ്റുകൾ എന്നിവ സദാ വൃത്തിയായി സൂക്ഷിക്കും സ്കൂളിൽ സ്ഥല സൗകര്യം കണക്കിലെടുത്ത് പച്ചക്കറി തോട്ടം, പൂന്തോട്ടം, പൂമരങ്ങൾ വച്ച് പിടിപ്പിക്കൽ എന്നിവയെല്ലാം കുട്ടികളുടെ നേതൃത്വത്തിൽ ചെയ്യും. ഇതിന് വേണ്ട വിത്ത്, വളം, തൈകൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കും. ശുചിത്വപരിപാലനത്തിനുള്ള ഉപാധികൾ MGNREGS,പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ ലഭ്യമാക്കും. ഇതിനെല്ലാം മേൽനോട്ടം വഹിക്കാൻ പി.റ്റി.എ യുടെ നേതൃത്വത്തിൽ ഒരാളിനെ ചുമതലപ്പെടുത്തണം. സ്കൂൾ ബ്യൂട്ടിഫിക്കേഷൻ പ്ലാൻ എഞ്ചിനിയർ, ആർക്കിടെക്റ്റ് എന്നിവരുടെ സഹായത്തോടെ തയ്യാറാക്കും. ഈ പ്ലാൻ ത്രിതല പഞ്ചായത്ത് പൊതു ജനങ്ങളുടെ സഹായം എന്നിവ കൂട്ടിയിണക്കി നിർവ്വഹിക്കും. എല്ലാ ക്ലാസ്സ് റൂമിലും ശുദ്ധജലം ലഭ്യത ഉറപ്പാക്കും. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് നല്ല കളിസ്ഥലം, കളിക്കാനുള്ള ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. ഇത് വഴി കുട്ടികളിൽ ശുചിത്വ അവബോധം, കുടിവെള്ള പരിപാലനത്തിന്റെ ആവശ്യകത, കൃഷി പരിപാലനം, കൂട്ടായ്മ എന്നിവ പ്രായോഗികമായി പഠിപ്പിക്കും.
5. കുട്ടിൾക്ക് വിവിധ ജീവിത ശൈലി രോഗങ്ങൾ സംബന്ധിച്ച് അതിന്റെ കാരണങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കാനുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കും.

**രക്ഷിതാക്കൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലനം.**

രക്ഷിതാക്കൾക്കും, അദ്ധ്യാപകർക്കും മാസത്തിൽ ഒന്ന് എന്ന നിലയിൽ രണ്ട് മണിക്കൂർ വീതം ചുവടെ കൊടുത്തിട്ടുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കും.

1. പാരന്റിംഗ്
2. കുട്ടികളുടെ ശാരീരിക, മാനസിക വളർച്ചയുടെ ആവശ്യകത
3. കല, കായികം, സാഹിത്യം തുടങ്ങീ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്ന കുട്ടികളുടെ. രക്ഷിതാക്കൾക്കും ആ സ്കൂളിലെ അദ്ധ്യാപകർക്കും ബന്ധപ്പെട്ട വിഷയത്തിൽ പരിശീലനം നൽകും.
4. കുട്ടികളുടെ അവകാശം, കുട്ടികളുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ, നിയമങ്ങൾ എന്നിവ രക്ഷിതാക്കളേയും അദ്ധ്യാപകരേയും പഠിപ്പിക്കും.

5. ഹെൽത്തി ആന്റ് ഹാപ്പിയെസ്റ്റ് സ്കൂളിന്റെ അവതരണവും ചർച്ചയും സംഘടിപ്പിക്കും.
6. സോഷ്യൽമീഡിയയും ഗുണവും ദോഷവും, രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം

**മാനസിക വളർച്ച**

പഞ്ചായത്ത് തലത്തിൽ കൗൺസിലിങ്ങ് ചെയ്യാൻ കഴിയുന്നവരുടെ ഒരു ടീമിന് രൂപം നൽകും. അവരുടെ സഹായത്തോടെ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി(ഇതിന്റെ രീതിസാസ്ത്രം തയ്യാറാക്കും) അവർക്ക് പരിശീലനം കൗൺസിലിംഗ് തുടങ്ങിയവ നൽകാൻ സൗകര്യമൊരുക്കും.

കുട്ടികളുടെ ചിന്ത, കാഴ്ച്ചപ്പാട്, നന്നായി മറ്റുള്ളവരെ കേൾക്കാനുള്ള കഴിവ് എന്നിവ ഉയർത്താൻ പ്രത്യേക പരിപാടി തയ്യാറാക്കും. കുട്ടികൾക്ക് വായിക്കാനും, വിഷ്വലികാര്യങ്ങൾ മനസ്സിലാക്കാനുള്ള സംവിധാനം, കേട്ട് കാര്യങ്ങൾ മനസ്സിലാക്കാനും സൗകര്യങ്ങൾ ഒരുക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ആസ്വാദന കുറിപ്പ് തയ്യാറാക്കി പൊതുവിൽ അവതരിപ്പിക്കാൻ, ചർച്ചകൾ, സംവാദങ്ങൾ സംഘടിപ്പിക്കാനും സംവിധാനമൊരുക്കും . ഇത്തരത്തിൽ വായനക്കും , വിഷ്വൽ, ആഡിയോ ലൈബ്രറികൾ ഉപയോഗിക്കാനും പിയർ ഗ്രൂപ്പുകളായിട്ടായിരിക്കും പ്രവർത്തനങ്ങൾ . ഓരോരുത്തരും വായിച്ചതും കൂട്ടായി കണ്ടതും, കേട്ടതും ഗ്രൂപ്പിൽ ചർച്ച ചെയ്യുകയും അത് ക്ലാസ്സിൽ, സ്കൂളിൽ, മുതിർന്നവരുടെ ഇടയിൽ ഒക്കെ അവതരിപ്പിക്കാൻ അവസരമൊരുക്കുകയും ചെയ്യും.

ചെറുതും വലുതുമായ ടൂറുകൾ, വിനോദ പരിപാടികൾ ട്രക്കിംഗ് എന്നിവയ്ക്ക് അവസരമൊരുക്കും. അത് സ്കൂൾതല സംഘാടക സമിതിയും , പിറ്റിഎയും ചേർന്നാവും ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.

**കല അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ**

വിവിധ കലകളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ സംഘടിപ്പിക്കും. ചിത്രരചന, പ്രതിമാ നിർമ്മാണം, അഭിനയം, നൃത്തം, പാട്ട്, വാദ്യോപകരണങ്ങൾ, കമ്പി വാദ്യങ്ങൾ, കീബോർഡ്, പഞ്ചായത്തിൽ സുപരിചിതമായ നാടൻ കലകൾ എന്നിവയിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തും. ഈ ഇനങ്ങളിൽ നിന്നും ഓരോന്നിലും ആദ്യ വർഷത്തിൽ പരിശീലനങ്ങൾ ആരംഭിക്കും. ക്രമേണ ഓരോ ഇനത്തിലുമുള്ള വിവിധ കലാരൂപങ്ങൾ പരിശീലിപ്പിക്കാൻ സംവിധാനമൊരുക്കും.

ഓരോ കലാരൂപവും പരിശീലിപ്പിക്കാൻ ആവശ്യമായ ഉപകരണങ്ങൾ, മറ്റ് സൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കികൊടുക്കും. പരിശീലകർക്കുള്ള ഫീസ്സ്, കുട്ടികൾക്കുള്ള

ലഘുഭക്ഷണം, നടത്തിപ്പിനുള്ള ചെലവ്, മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, സെലിബ്രേറ്റീസ്സിനെ കൊണ്ടുവരാനുള്ള ചെലവ് തുടങ്ങിയവ സംഘാടക സമിതി ഒരുക്കും. വിവിധ കലാരൂപങ്ങളുടെ പ്രത്യേകിച്ചും അവരവർ പരിശീലിപ്പിക്കുന്ന കലാരൂപങ്ങൾ സംബന്ധിച്ച വീഡിയോകൾ കാണാൻ വേണ്ട സംവിധാനം പഞ്ചായത്ത് സെന്ററിൽ പഞ്ചായത്ത് ഒരുക്കും.

എന്നാൽ പട്ടികജാതി, പട്ടിക വർഗ്ഗത്തിൽ, ബി.പി.എൽ വിഭാഗത്തിലുള്ള കുട്ടികൾക്കുള്ള ഫീസ്സിന്റെ 75% പഞ്ചായത്ത് നൽകും. ഓരോ സ്കൂളിലും ഇതിന്റെ നടത്തിപ്പിന് പ്രത്യേകം കമ്മറ്റിക്ക് രൂപം നൽകും. ആ കമ്മറ്റിയിൽ ചുവടെ കൊടുത്തിട്ടുള്ള അംഗങ്ങൾ ഉണ്ടാവുന്നതാണ് നല്ലത്.

1. സ്കൂൾ ഇരിക്കുന്ന വാർഡിലെ പഞ്ചായത്ത് മെമ്പർ
2. സ്കൂൾ ഇരിക്കുന്ന വാർഡിലെ ബ്ലോക്ക് മെമ്പർ
3. സ്കൂൾ ഇരിക്കുന്ന വാർഡിലെ ജില്ലാപഞ്ചായത്ത് മെമ്പർ
4. ആസ്കൂളിലെ HM
5. ആ സ്കൂളിലെ PTA പ്രസിഡന്റ്
6. ആ വാർഡിലെ ADS ചെയർപേഴ്സൺ
7. ആ സ്കൂളിലെ ഒര് അദ്ധ്യാപക പ്രതിനിധി
8. ആ വാർഡിലെ ക്ലബ്ബുകളുടെ ഓരോ പ്രതിനിധികൾ വീതം
9. പഠിക്കാനായി വരുന്ന കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും മൂന്ന് പ്രതിനിധികൾ
10. സന്നദ്ധമായ കല, സാംസ്കാരിക പ്രവർത്തകരായ മൂന്ന് പേർ

ഈ കമ്മറ്റിയുടെ നടത്തിപ്പിന് ഉതകുന്ന തരത്തിൽ ഒരു ചെയർപേഴ്സൺ, വൈസ് ചെയർ പേഴ്സൺ കൺവീനർ, ജോ- കൺവീനർ, ട്രഷറർ എന്നിവരെ കണ്ടെത്തണം. ഇതിൽ രണ്ട് പേരുടെ പേരിൽ ബാങ്കിൽ കമ്മറ്റി തീരുമാനിച്ച് അക്കൗണ്ട് തുടങ്ങണം. ഈ കമ്മറ്റിക്ക് ഒരു മിനിറ്റ്സ് ബുക്ക്, അക്കൗണ്ട് ബുക്ക്, ഓരോ കലാരൂപത്തിലും പരിശീലിക്കാൻ വരുന്ന കുട്ടികളുടെ വിശദ വിവരമടങ്ങുന്ന രജിസ്റ്റർ എന്നിവ ഉണ്ടാവും. ഈ കമ്മറ്റിയുടെ ചെയർപേഴ്സണും, കൺവീനറും സ്കൂൾതല സംഘാടക സമിതിയിലെ അംഗമായിരിക്കും.

ഇതിന് വേണ്ട വിഭവം, സംഭാവനയായി, സ്പോൺസർഷിപ്പിലൂടെ, കഴിയുന്നവരിൽ നിന്നും, ചെറിയ ഫീസ്സായും ടിക്കറ്റ് വച്ച് പരിപാടികൾ സംഘടിപ്പിച്ചുമൊക്കെ ഈ സംഘാടക സമിതി കണ്ടെത്തും. ഇതിന്റെ പരിശീലകരെ ആവശ്യപ്പെട്ട് പത്രപരസ്യം ചെയ്യും, പഞ്ചായത്തിനുള്ളിൽ ഉള്ളവരെ എൻലിസ്റ്റ് ചെയ്യും. തുടർന്ന് ഇന്റർവ്യൂ നടത്തി ഏറ്റവും കഴിവുള്ളവരെ പരിശീലകരായി ഉപയോഗിക്കും. ഫെലോഷിപ്പ് കലാ

കാരന്മാരേയും പരിശീലകരായി ഉപയോഗിക്കും. വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രവശ്യമെങ്കിൽ ഓരോ കലയിലും പ്രഗല്ഭരായ കാലാകാരൻമാരെ കൊണ്ട് വന്ന് ഇവരുമായി സംവദിക്കാൻ അവസരം നൽകും.

ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ മാത്രമല്ല ആ വാർഡിൽ പരിസര വാർഡുകളിൽ ഇതേ പ്രായത്തിലുള്ള ഏത് കുട്ടികൾക്കും ഇതിൽ പങ്കെടുക്കാം. പ്രത്യേക കെട്ടിടം ഇതിനായി നിർമ്മിക്കുക എളുപ്പമല്ലാത്തതിനാൽ സ്കൂളുകളിൽ അവധി ദിവസങ്ങളിലായിരിക്കും ഈ പരിശീലനം സംഘടിപ്പിക്കുന്നത്. എയിഡഡ് സ്കൂളുകളിൽ, അൺ എയിഡഡ് സ്കൂളുകളിലും കൂടി ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

എൽ. പി, യു.പി സ്കൂളുകളിൽ ആരംഭിക്കുന്ന കുട്ടികൾക്ക് പ്ലസ് ടു പഠനം പൂർത്തിയാകുന്നത് വരെ തുടർച്ചയായി പരിശീലനം നൽകും. ഇതിനിടയ്ക്ക് അധിക പഠനത്തിനും, മറ്റ് അവസരങ്ങൾ ഉപയോഗിക്കാനും അവസരങ്ങൾ ഒരുക്കും.

**കായിക അഭിരുചി വർദ്ധിപ്പിക്കൽ**

കലാരംഗത്ത് താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തിയത് പോലെ കായികരംഗത്ത്, കളികളിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തും. കലാപരിശീലനത്തിന് രൂപീകരിച്ചത് പോലെ കായികരംഗത്തെ പരിശീലന സംഘാടനത്തിന് ഒരു പ്രത്യേക സംഘാടക സമിതിക്ക് രൂപം നൽകും. എന്നാൽ പഞ്ചായത്ത് മൊത്തത്തിൽ ഇതിനുള്ള മേൽനോട്ടവും സംഘാടനവും പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ വഹിക്കും. സ്കൂൾ കായിക പരിശീലന സംഘാടക സമിതിയുടെ പേഴ്സണും കൺവീനറും സ്കൂൾ തല സ്ഘാടക സമിതിയിൽ അംഗമായിരിക്കും. ഈ കമ്മറ്റിയും ഒരു അക്കൗണ്ട് ഓപ്പൺ ചെയ്യണം. മിനിറ്റ്സ് ബുക്കും അക്കൗണ്ട് ബുക്കിനും പുറമേ വിവിധ കായിക ഇനത്തിൽ പരിശീലിക്കുന്നതിനുള്ള കുട്ടികളുട വിശദ വിവരം അടങ്ങിയ രജിസ്റ്ററും ഉണ്ടാവണം. പരിശീലകർക്ക് ഒരു വർഷത്തിൽ നൽകേണ്ടി വരുന്ന ആകെ തുകയുടെ 25 ശതമാനവും ഒരു വർഷത്തിൽ ജെഴ്സിവാങ്ങേണ്ടി വരുന്ന ആകെ തുകയുടെ 40 ശതമാനവും പഞ്ചായത്ത് വഹിക്കും. പരിശീലനത്തിന് വരുന്ന കുട്ടികളുടെ ന്യൂട്രിക് ഫുഡ്ഡിന്റെ(ന്യൂട്രിമിക്സ്, പാല്, പഴം, മുട്ട, ഇലക്കറികൾ, എന്റിച്ച്ഡ് ഫുഡ്സ് തുടങ്ങിയവ) ഇതിനായി ഒരു വർഷം ചെലവാകുന്ന തുകയുടെ 50 ശതമാനവും പഞ്ചായത്ത് നൽകും. കൂടാതെ കളി ഉപകരണങ്ങൾ, കായിക പരിശീലനത്തിന് വേണ്ട ഉപകരണങ്ങൾ എന്നിവ ത്രിതല പഞ്ചായത്തുകൾ ചേർന്ന് വാങ്ങി നൽകും.

പരിശീലനം നൽകുന്നതിന് സ്കൂൾ ഗ്രൗണ്ടുകൾ, പഞ്ചായത്തിന്റെ വിവിധ സ്ഥലത്തുള്ള ഗ്രൗണ്ടുകൾ, ചെറുകളി സ്ഥലങ്ങൾ, തിരക്ക് കുറഞ്ഞ റോഡുകൾ എന്നിവ ഉപയോഗിക്കും. വൈകുന്നേരങ്ങൾ, രാവിലെകൾ, അവധി ദിവസങ്ങൾ എന്നിവ പരിശീലന

ത്തിനായി ഉപയോഗിക്കും. MGNREGS-ന്റെ കൂടി സഹായത്തോടെ ചെറിയതും വലുതുമായ ഗ്രൗണ്ടുകൾ സജ്ജമാക്കും ഷട്ടിൽ ബാറ്റ്മിന്റൻ, വോളിബാൾ, ബോൾ ബാറ്റ്മിന്റൻ എന്നിവ പരിശീലിപ്പിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം ചെറു കോർട്ടുകൾ തയ്യാറാക്കും.

പ്രാദേശിക മോണിറ്ററിംഗ് സംഘാടനം എന്നിവയ്ക്ക് ആ പ്രദേശത്തെ ക്ലബ്ബുകളെ വിളിച്ച് കൂട്ടി പരിശീലിപ്പിച്ച് അവരെ ചുമതല ഏൽപ്പിക്കും. കലാ പരിശീലനത്തിൽ സൂചിപ്പിച്ചത് പോലെ ഇതിന്റെ നടത്തിപ്പിന് വിവിധ സ്ഥലങ്ങളിൽ നിന്നും വിഭവസമാഹരണം നടത്തും. കുറഞ്ഞത് വർഷത്തിൽ രണ്ട് പ്രാവശ്യം ഓരോ മേഖലയിലും വൈദഗ്ദ്ധ്യം തെളിയിച്ചവരുമായി സംവദിക്കാൻ അവസരമൊരുക്കും. പഞ്ചായത്ത് ലൈബ്രറിയിൽ വിവിധ സ്പോഴ്സ് മീറ്റ്, കളികൾ എന്നിവയുടെ വീഡിയോ, ലൈബ്രറി , പരിശീലന വീഡിയോകൾ എന്നിവ പഞ്ചായത്ത് സെന്ററിൽ സജ്ജമാക്കും. അഞ്ച് വർഷം കൊണ്ട് പഞ്ചായത്ത് സ്പോഴ്സ് കൗൺസിലിന്റെ നേതൃത്വത്തിൽ പഞ്ചായത്തിൽ സ്പോഴ്സ് അക്കാഡമി സ്ഥാപിക്കും.

പഞ്ചായത്തിൽ കായിക ട്രൂപ്പുകൾ ഉണ്ടാക്കും, വിവിധ കളികളുടെ ടീമിനെ സജ്ജമാക്കും. പഞ്ചായത്തിനകത്തും, പുറത്തും മത്സരങ്ങൾ സംഘടിപ്പിക്കും പഞ്ചായത്തിന് പുറത്ത് സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കും.

നീന്തൽ, ജൂഡോ, കരാട്ടെ, തായിക്കൊണ്ട, ഓട്ടം, ഹൈജംബ്, ലോങ്ങ് ജംബ്, ബാറ്റ്മിന്റൻ, ചെസ്സ്, ക്യാരംസ്, വോളിബോൾ, ഷോർട്ട് പുട്ട്, ക്രിക്കറ്റ് ഡിസ്ക്കസ് ത്രോ, ജാവലിൻ, കബടി, അമ്പ് എയ്ത്ത് ഇതിൽ കുട്ടികളുടെ താൽപ്പര്യം സ്ഥ സൗകര്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പരിശീലനം സംഘടിപ്പിക്കും.

**ശാസ്ത്ര അവബോധം വളർത്തൽ**

ശാസ്ത്ര വിഷയത്തിൽ അതീവ താൽപ്പര്യമുള്ള കുട്ടികളെ രണ്ട് മൂന്ന് മാസത്തെ വിവിധ പ്രവർത്തനങ്ങളിൽ കൂടി നിരീക്ഷണങ്ങളിൽ കൂടി കണ്ടെത്തും. അത്തരം കുട്ടികൾക്ക് വിവിധ ശാസ്ത്ര ശാഖകൾ സംബന്ധിച്ച് ക്രമേണ അവബോധം സൃഷ്ടിക്കും. വിവിധ ശാസ്ത്ര കണ്ടെത്തലുകളെ കുറിച്ചും അതിന്റെ ചരിത്രത്തെ കുറിച്ചും വിവിധ രീതികൾ ഉപയോഗിച്ച് ബോധ്യപ്പെടുത്തും. ശാസ്ത്ര അവബോധം സൃഷ്ടിക്കാനുള്ള വീഡിയോ ലാബുകൾ പഞ്ചായത്ത് ലൈബ്രറിയിൽ സംഘടിപ്പിക്കും. ഇത് തെരഞ്ഞെടുത്ത കുട്ടികൾക്കും, എല്ലാ കുട്ടികൾക്കും കാണാൻ അവസരങ്ങൾ ഒരുക്കും. ശാസ്ത്ര അവബോധമുണ്ടാക്കാനുള്ള കളികൾ തെരഞ്ഞെടുത്ത കുട്ടികൾക്കും, പൊതുവായ ചില കളികൾ എല്ലാ കുട്ടികൾക്കും നൽകും, എല്ലാ കുട്ടികൾക്കും, സ്കൂളുകൾ തമ്മിലും ശാസ്ത്ര ക്ലബ്ബുകൾ സംഘടിപ്പിക്കും. തെരഞ്ഞെടുത്ത കുട്ടികൾക്ക് ശാസ്ത്ര അവ

ബോധം വളർത്താൻ ഉതകുന്ന സ്ഥാപനങ്ങൾ, ലാബുകൾ, പ്രദർശനങ്ങൾ എന്നിവ സന്ദർശിക്കും.

ഈ കുട്ടികൾക്ക് വിവിധ മോഡലുകൾ നിർമ്മിക്കാൻ ചില പരീക്ഷണങ്ങൾ നടത്താൻ അവസരം നൽകും. അവയുടെ പ്രദർശനങ്ങൾ അവതരണങ്ങൾ സംഘടിപ്പിക്കും. കൂടാതെ ശാസ്ത്രരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവരുമായി സംവദിക്കാൻ ഈ കുട്ടികൾക്ക് അവസരമൊരുക്കും. ശാസ്ത്ര പഠനങ്ങൾ ഗവേഷണങ്ങൾ എന്നിവ നടത്താനും അതിന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കാനുള്ള പൊതുവേദികൾ ഒരുക്കുകയും അംഗീകാരങ്ങൾ നൽകുകയും ചെയ്യും.

കുട്ടികൾ വിവിധ ഉപകരണങ്ങൾ അഴിക്കാനും പൊളിക്കാനും, പുതിയവ ഉണ്ടാക്കാനും, അവർക്ക് ഇഷ്ടമുള്ള പരീക്ഷണങ്ങൾ നടത്താനും ഉതകുന്ന തരത്തിൽ കുട്ടികളുടെ ജനകീയ ലാബിന് രൂപം നൽകും. അതിന്റെ നടത്തിപ്പ് ചുമതലയും ഇതിന്റെ സംഘാടക സമിതിക്ക് ആയിരിക്കും. കുട്ടികളെ ഈ കാര്യങ്ങൾ സഹായിക്കാൻ മാറി മാറി വൈദഗ്ദ്ധ്യമുള്ള ആളുകളെ കണ്ടെത്തി നിയോഗിക്കും.

**മൃദുല വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കൽ**

എല്ലാ കുട്ടികളിലുമുള്ള വിവിധ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂളിൽ ലഭിക്കുന്ന ഫ്രീ പീരിയഡുകളിൽ അവർക്ക് ഇതിന്റെ പരിശീലനം നൽകും. ഒരു വർഷമെടുത്ത് സ്കൂളിലെ എല്ലാ കുട്ടികൾക്കും വിവിധ കളികളിൽ കൂടി, പരിശീലനത്തിൽ കൂടി ഈ കഴിവുകൾ വർദ്ധിപ്പിക്കും. എന്നാൽ ഇതിൽ വൈദഗദ്ധ്യം തെളിയിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് രണ്ടാമത്തെ വർഷം കൂടുതൽ ആഴത്തിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കും. ഇതെല്ലാം പാഠ്യ വിഷയങ്ങളെ കൂടി കൂട്ടിയിണക്കി പ്രായോഗികമായിട്ടായിരിക്കും നൽകുന്നത്.

**സാഹിത്യ അഭിരുചി വർദ്ധിപ്പിക്കൽ**

നാടകം, കഥ, കവിത, ഉപന്യാസം, ആസ്വാദന കുറിപ്പ് യാത്രാ വിവരണം, നോവൽ തുടങ്ങീ സാഹിത്യ രംഗത്ത് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പരിശീലന ക്യാമ്പുകൾ, വായനാ കളരികൾ, ഓരോ മേഖലയിലേയും പ്രമുഖരുമായി സംവക്കാൻ അവസരമൊരുക്കൽ, അവരുടെ രചനകൾ അവതരിപ്പിക്കാൻ അവസരമൊരുക്കൽ, പുസ്തകങ്ങളായി പ്രസിദ്ധീകരിക്കൽ സാഹചര്യ ചർച്ചകൾ, സംവാദങ്ങൾ സംഘടിപ്പിക്കൽ ഇത്തരം കാര്യങ്ങൾ ചെയ്യും. സാഹിത്യത്തിന്റേയും, ശാസ്ത്രത്തിന്റേയും, മൃദുല വൈദഗ്ദ്ധ്യത്തിന്റേയും, ശാസ്ത്രത്തിന്റേയും, മൃദുല വൈദഗ്ദ്ധ്യത്തിന്റേയും കോഡിനേഷൻ നടത്താനായി ഒരു സംഘാടക സമിതിക്ക് രൂപം നൽകും അതിൽ,

വാർഡ് മെമ്പർ

അദ്ധ്യാപകർ

സൈക്കോളജിസ്റ്റ്

സാഹിത്യകാരന്മാരായിട്ടുള്ളവർ

അക്കാഡമിക് സ്ഥാപന പ്രതിനിധികൾ

സാഹിത്യ ശാസ്ത്ര കോളേജ് അദ്ധ്യാപകർ

അഭിരുചിയുള്ള സന്നദ്ധപ്രവർത്തകർ

രക്ഷിതാക്കളുടെ പ്രതിനിധികൾ

നല്ല ട്രെയിനർമാർ

ഇതിൽ പരമാവധി 20 പേരുണ്ടാവണം ഇതേ സംഘാടക സമിതി തന്നെ പഠന ഗവേഷണ പ്രവർത്തന അഭിരുചി വർദ്ധിപ്പിക്കൽ കുട്ടികളെ പ്രത്യേകം ഗ്രൂപ്പുകളായി തിരിച്ച് വിവിധ വിഷയങ്ങൾ, പാഠ്യവിഷയവുമായി ബന്ധപ്പെട്ട് വിവര ശേഖരണം, വിശകലനം, റിപ്പോർട്ട് തയ്യാറാക്കൽ കണ്ടെത്തലുകൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ അടക്കം തയ്യാറാക്കി പൊതു വേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകും. ഇത് ശാസ്ത്ര വിഷയത്തിനായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കാണ് ഇതിൽ പരിശീലനം നൽകുന്നത്.

**സാമൂഹിക അവബോധം വളർത്തൽ**

സ്കൂളിലെ എല്ലാ കുട്ടികൾക്കും ആ പഞ്ചായത്തിനകത്തുള്ള പൊതു സ്ഥാപനങ്ങൾ സന്ദർശിക്കാനും ആ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം പ്രവർത്തനങ്ഹൽ അവിടുന്ന് നൽകുന്ന സേവനം നേരിട്ട് മനസ്സിലാക്കാനും പരസ്പരം അവതരിപ്പിക്കാനും അവസരം നൽകും.

വിവിധ ഭരണ സംവിധാനങ്ങൾ, അവരുടെ ഉത്തരവാദിത്വങ്ങൾ ബോധ്യപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ചെയ്യും. പൗരബോധം കുട്ടികളുടെ അവകാശം എന്നിവ സംബന്ധിച്ച് പ്രവർത്തനങ്ങളിലൂടെ, പ്രസംഗത്തിലൂടെ കഥയിലൂടെ, നാടകത്തിലൂടെ, കവിതയിലൂടെ ബോദ്ധ്യപ്പെടുത്തും. റോഡ് സുരക്ഷ, ട്രാഫിക് നിയമങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങൾ കുട്ടികളെ പ്രാക്റ്റിക്കലി ബോധ്യപ്പെടുത്തും. ഭരണ ഘടനയുടെ പ്രധാന ഘടകങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തണം, രൂപപ്പെട്ട കഥ കുട്ടികളെ ബോധ്യപ്പെടുത്തണം.

**വൈദഗ്ദ്ധ്യ വികസനം**

ഫോട്ടോഗ്രാഫി, പാചകം, വീട്ടിലെ ഇലക്ട്രിക് സാധനങ്ങൾ റിപ്പയർ ചെയ്യാൻ പഠിപ്പിക്കൽ എഞ്ചിനീയറിംഗ് തുടങ്ങീ കാര്യങ്ങളിൽ ഇന്ററസ്റ്റ് പകരാൻ ഉതകുന്ന തരത്തിൽ പരിശീലനം നൽകും.

**പാരിസ്ഥിതിക അവബോധം വളർത്തുക**

കുട്ടികൾ പരിസ്ഥിതിയെ കുറിച്ച് അറിയാനായി നദികൾ, വനങ്ങൾ, മലകൾ എന്നിവിടങ്ങളിൽ സന്ദർശിക്കുക, മലിനീകരണം ദോഷങ്ങൾ എന്നിവ പഠിക്കാനും തുടർ പ്രവർത്തനങ്ങളും തയ്യാറാക്കാൻ അവതരിപ്പിക്കാൻ അവസരം നൽകുക . കാലാവസ്ഥാ വ്യതിയാനങ്ങൾ മനസ്സിലാക്കുക, പ്രളയം, ഉരുൾപൊട്ടൽ കാരണങ്ങൾ മനസ്സിലാക്കിക്കൽ സ്കൂളിലും, വീടുകളിലും കൃഷി ചെയ്യാൻ അതിന്റെ ഫലം പരസ്യമായി അവതരിപ്പിക്കൽ മണ്ണിന്റെ ഘടന പ്രത്യേകതകൾ, വിഭവ ഭൂപടം തയ്യാറാക്കൽ, ജലത്തിന്റെ മൂല്യം മനസ്സിലാക്കുക ഇതൊക്കെ ബോദ്ധ്യപ്പെടുത്താൻ ഉപയോഗിക്കാൻ ഉതകുന്ന തരത്തിൽ പഞ്ചായത്ത് ലൈബ്രറിയിൽ വീഡിയോ ലൈബ്രറി ഒരുക്കൽ. പരിസ്ഥിതി സംരക്ഷണ ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ, കുട്ടികൾ പ്രചരണങ്ങൾ, പ്രസംഗങ്ങൾ, നാടകങ്ങൾ കഥകൾ, കവിതകൾ, നോവലുകൾ എന്നിവ രചിക്കലും പൊതു ഇടങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുക. ചില പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഇടപെടാൻ അവസരം ഒരുക്കുക.

ഇതിൽ ചിലകാര്യങ്ങൾ ഒരുമിച്ച് ചെയ്യാൻ കഴിയുന്നതാണ്. കുട്ടിയുടെ സ്കൂളിലെ പഠനത്തിന് ഉപരിയായി കളികൾ, സന്ദർശനങ്ങൾ, പഠനങ്ങൾ, അന്വേഷണങ്ങൾ, നിരീക്ഷണങ്ങൾ, പ്രവർത്തിച്ച് അവതരിപ്പിച്ച്, ഫീൽ ചെയ്ത് കളികളിലൂടെ സിനിമയിലൂടെ, വീഡിയോകളിലൂടെ ആഡിയോകളിലൂടെയൊക്കെയാണ് ഇത് കൺവേ ചെയ്യുന്നത്.

ഓരോന്നും എന്ത് തുടങ്ങും, ആദ്യമെന്ത്, ആ വർഷം ഏതുവരെ രണ്ടാം വർഷം എന്ന്, മൂന്നാം വർഷം എന്ത് അങ്ങനെ ആ കുട്ടി പ്ലസ് ടു എത്തുന്നത് വരെ പടിപടിയായി ഓരോ മേഖലയിലും എന്ത് നൽകാം എന്നത്  സംബന്ധിച്ച് കിട്ടാവുന്ന ഏറ്റവും വിദഗ്ദ്ധർ, പ്രാദേശികമായി ലഭിക്കുന്ന വൈദഗ്ദ്ധ്യത്തെ സ്ഥാപനങ്ങളെ ഒക്കെ കൂട്ടിയിണക്കി കൃത്യമായ ഒരു മൊഡ്യൂൾ പ്ലാൻ തയ്യാറാക്കും. അതേ സമയം സ്കൂളിലെ പഠനത്തിന് തടസ്സം വരാതെ ഇത് ചെയ്യാൻ കഴിയണം. അതിന് ഇടക്ക് കിട്ടുന്ന സമയം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം. അതിന് ഉതകുന്ന തരത്തിൽ സമയ വിനിയോഗ ആസൂത്രണവും നടത്തും.

## VII. പ്രവർത്തന കലണ്ടർ

ഇതിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രവർത്തന കലണ്ടർ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തനങ്ങൾ | Months | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | JAN | FEB | MAR | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEC |
| 1 | പ്രൊജക്റ്റ് തയ്യാറാക്കൽ | | | | | | | | | | | | |
| 2 | ഭരണസമിതി അംഗീകരിക്കൽ | | | | | | | | | | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | പ്രോജക്റ്റ് അംഗീകാരം വാങ്ങൽ | | | | | | | | | | | | |
| 4 | പഞ്ചായത്ത് തല സംഘാടകസമിതിക്ക് രൂപം നൽകൽ | | | | | | | | | | | | |
| 5 | സ്കൂൾതല സംഘാടകസമിതിക്ക് രൂപം നൽകൽ | | | | | | | | | | | | |
| 6 | വിഷയാടിസ്ഥാനത്തിൽ സംഘാടക സമിതിക്ക് രൂപം നൽകൽ | | | | | | | | | | | | |
| 7 | പ്രവർത്തന സംഘാടന മാനുവൽ തയ്യാറാക്കൽ ശില്പ്പശാല | | | | | | | | | | | | |
| 8 | പ്രവർത്തന സംഘാടന മാനുവൽ ഡ്രാഫ്റ്റ് | | | | | | | | | | | | |
| 9 | പ്രവർത്തന സംഘാടന മാനുവൽ വിവിധ തലങ്ങളിൽ ചർച്ച | | | | | | | | | | | | |
| 10 | പ്രവർത്തന സംഘാടന മാനുവലിന് അന്തിമ രൂപം നൽകൽ | | | | | | | | | | | | |
| 11 | പഞ്ചായത്ത് തല അക്കാഡമിക് കമ്മറ്റിക്ക് രൂപം നൽകൽ | | | | | | | | | | | | |
| 12 | സ്കൂൾതല അക്കാഡമിക് കമ്മറ്റിക്ക് രൂപം നൽകൽ | | | | | | | | | | | | |
| 13 | വിഷയ തല അക്കാഡമിക് കമ്മറ്റിക്ക് രൂപം നൽകൽ | | | | | | | | | | | | |
| 14 | പ്രവർത്തന മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പ ശാല | | | | | | | | | | | | |
| 15 | പ്രവർത്തന മൊഡ്യൂൾ കരട് തയ്യാറാക്കൾ | | | | | | | | | | | | |
| 16 | വിവിധ തലങ്ങളിൽ പ്രവർത്തന മൊഡ്യൂൾ ചർച്ച | | | | | | | | | | | | |
| 17 | പ്രവർത്തന മൊഡ്യൂൾ അന്തിമമാക്കൽ | | | | | | | | | | | | |
| 18 | പ്രവർത്തന സംഘാടന മാനുവലിന്റെ പരിശീലനം | | | | | | | | | | | | |
| 19 | പ്രവർത്തന മൊഡ്യൂളിന്റെ ആദ്യഘട്ട പരിശീലനം | | | | | | | | | | | | |
| 20 | പഞ്ചായത്ത് തല ഉത്ഘാടനം | | | | | | | | | | | | |
| 21 | സ്കൂൾ തല ഉത്ഘാടനം | | | | | | | | | | | | |
| 22 | വിഷയാടിസ്ഥാനത്തിലുള്ള ഉത്ഘാടനം | | | | | | | | | | | | |
| 23 | ഡോക്യുമെന്റേഷൻ പരിശീലനം | | | | | | | | | | | | |
| 24 | മോണിറ്ററിംഗ് ടീമിന് രൂപം നൽകൽ | | | | | | | | | | | | |
| 25 | മോണിറ്ററിംഗ് സംബന്ധിച്ച് പരിശീലനം | | | | | | | | | | | | |
| 26 | രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും | | | | | | | | | | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | പരിശീലന മോഡ്യൂൾ തയ്യാറാക്കൽ | | | | | | | | | | | | |
| 27 | രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും പരിശീലന മോഡ്യൂൾ വെറ്റ് ചെയ്യൽ | | | | | | | | | | | | |
| 28 | രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പരിശീലനം | | | | | | | | | | | | |
| 29 | വിഭവസമാഹരണ ക്യാമ്പയിൻ | | | | | | | | | | | | |
| 30 | വൈദഗ്ദ്ധ്യപോഷണ പരിപാലന കേന്ദ്രത്തിനും കലാപരിശീലന കേന്ദ്രത്തിനും സ്ഥലം കണ്ടെത്തൽ | | | | | | | | | | | | |
| 31 | ഈ രണ്ടു സ്ഥാപനങ്ങളുടേയും ഡിസൈനും പ്ലാനും തയ്യാറാക്കി ചർച്ച ചെയ്യൽ | | | | | | | | | | | | |
| 32 | ഡിസൈനും പ്ലാനും അന്തിമമാക്കൽ | | | | | | | | | | | | |
| 33 | ഡിസൈനും പ്ലാനും അനുസരിച്ച് പ്രവർത്തനം ആരംഭിക്കൽ | | | | | | | | | | | | |
| 34 | ഡിസൈനും പ്ലാനും അനുസരിച്ച് പ്രവർത്തി പൂർത്തിയാക്കൽ | | | | | | | | | | | | |
| 35 | പ്രവർത്തനം ഉത്ഘാടനം | | | | | | | | | | | | |
| 36 | പ്രവർത്തന മൊഡ്യൂൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കൽ | | | | | | | | | | | | |

## VIII. ധനകാര്യ വിശകലനം

ഓരോ ഹെഡ്ഡായി അതിൽ വരുന്ന ഓരോ ആക്റ്റിവിറ്റിക്കും വരുന്ന ഓരോന്നിനും എത്ര ചെലവ് വരും എന്ന് നിശ്ചയിച്ച് ചുവടെ കൊടുത്തിട്ടുള്ള തരത്തിൽ എഴുതുന്നത് നന്നായിരിക്കും.

| ക്രമനം | ആക്റ്റിവിറ്റി | യൂണിറ്റ് വൈസ് തുക വിശദീകരണം | പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | സംഭാവന/സ്പോൺസർഷിപ്പ് | ഫീസ്സ് | സേവനം | പ്രോഗ്രാമിൽ നിന്ന് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | | | തനത് ഫണ്ട് | പ്ലാൻ ഫണ്ട് | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| ആകെ | | | | | | | | | | | |

ഇത്തരത്തിൽ ഓരോ ഹെഡ്ഡിലും വരുന്ന തുക നിശ്ചയിച്ച ശേഷം ചുവടെ കൊടുക്കുന്ന തരത്തിൽ ഇതിനെ ക്രോഡീകരിക്കണം

| ക്രമ നം | പ്രധാന ഹെഡ്ഡ് | |
|---|---|---|
| 1 | | |
| 2 | | |
| ആകെ | | |

ഇത്തരത്തിൽ ഓരോ വർഷവും  നടത്താൻ വേണ്ടി തയ്യാറാക്കുന്ന മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ എത്ര രൂപയാണ് ഇത്തരത്തിൽ വേണ്ടി വരുന്നത് എന്നത് വർഷാടിസ്താനത്തിൽ വിവരിക്കണം. കൂടാതെ ഇതിന് വേണ്ട വിഭവ സമാഹരണം ഓരോ സ്രോതസ്സിൽ നിന്നും എത്ര വീതം എന്നതിനും കൃത്യമായ ധാരണ ഉണ്ടാക്കണം.

# IX. റിസ്ക്ക്

1. ഇത്രയും വലിയ പരിപാടി ആയതിനാൽ കൃത്യമായ പരസ്പരബന്ധിതമായ ആസൂത്രണം അനിവാര്യമാണ്
2. ഘട്ടഘട്ടമായി ലഭിക്കുന്ന ചുരുങ്ങിയ സമയത്തിനുള്ളിൽ കുട്ടികൾക്ക് രസകരമായി ഇത് ചെയ്യാൻ കഴിയുന്ന തരത്തിൽ പരിപാടി രൂപപ്പെടുത്താൻ കഴിയണം.
3. ഇതിന്റെ സംഘാടനത്തിനും, അക്കാഡമിക് കാര്യങ്ങൾക്കും ആവശ്യമായ പ്രവർത്തകരെകണ്ടെത്താൻ കഴിയണം.
4. ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ കൃത്യമായ ഡോക്യുമെന്റേഷനും വിലയിരുത്തലും, നടത്തുക
5. റിസൾട്ട് അളക്കാനും പ്രചരിപ്പിക്കാനും കഴിയുക
6. മുറിയാതെ തുടർന്ന് നടത്തുക.
7. ലഭിക്കുന്ന വൈദഗ്ദ്ധ്യത്തെ കൂട്ടിയിണക്കുക.
8. ഗുണനിലവാരമുള്ള പരിശീലകരെ ഉറപ്പാക്കുക.

**ഇത് മിറകടക്കാൻ**

1. പഞ്ചായത്ത് തല, സ്കൂൾതല, പ്രോഗ്രാംതല സംഘാടക സമിതികൾ ഉണ്ടാവണം കൃത്യമായ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തിവേണം സംഘാടക സമിതികൾ തമ്മിൽ നല്ല ബന്ധം ഉണ്ടായിരിക്കണം. നന്നായി പ്രവർത്തിക്കുന്ന അക്കാഡമിക് കമ്മറ്റി പഞ്ചായത്ത് തലത്തിലും  സ്കൂൾ തലത്തിലും ഉണ്ടാവണം.

ഇവർക്ക് കൃത്യമായി പരിശീലനം നൽകൽ പരിപാടികൾ വിലയിരുത്താനും, പൊതുജനപങ്കാളിത്തം ഉറപ്പ് വരുത്താനും കഴിയണം.

2. നടക്കുന്ന/വിഭാവനം ചെയ്യുന്ന ഓരോ പ്രവർത്തനവും കൃത്യമായി ഇതിന്റെ പുരോഗതിക്ക് മൊത്തം പ്രവർത്തനത്തിന് സഹായകമായിരിക്കണം. കൂടാതെ നടക്കുന്ന പ്രവർത്തനത്തിന്റേയും ഡോക്യുമെന്റേഷൻ ഉറപ്പ് വരുത്തണം. അതും പ്രോസസ്സ് ഡോക്യുമെന്റ് ചെയ്യാൻ കഴിയണം.
3. നടത്തുന്ന ഓരോ പ്രവർത്തനവും എന്ത് ലക്ഷ്യത്തിന് വേണ്ടിയാണെന്നും, അത്കൊണ്ട് എന്ത് മാറ്റം കുട്ടികളിൽ ഉണ്ടായി എന്ന് കൃത്യമായി കണ്ടെത്തി രക്ഷിതാക്കളേയും, സമൂഹത്തേയും ബോദ്ധ്യപ്പെടുത്താൻ സംവിധാനമുണ്ടാക്കും. പ്രവർത്തനങ്ങൾ നിന്ന് പോകാതിരിക്കാനായി സംഘാടനത്തോടൊപ്പം വിഭവ സമാഹരണത്തിന് കൃത്യമായ ഒരു പരിപാടി ഉണ്ടാക്കുകയും, പ്രത്യേക സംഘാ ടക സമിതിക്ക് ഇതിനായി രൂപം നൽകുകയും ചെയ്യും. പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കാനും, ഫോളോഅപ്പ് ചെയ്യാനും പ്രത്യേകം സംവിധാനമുണ്ടാക്കും.

## X. നേട്ടങ്ങൾ

1. .......................കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് നിരന്തര പരിശീ ലനം നൽകി നാളത്തെ കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയുന്നു.
2. കലാഭിരുചിയുള്ള കുട്ടികൾക്ക് കലാരംഗത്ത് പരിശീലനം നൽകി നാളത്തെ കലാ കാരന്മാരെ സൃഷ്ടിക്കാൻ കഴിയുന്നു.
3. സാഹിത്യത്തിൽ അഭിരുചിയുള്ള .......കുട്ടികൾക്കും, ശാസ്ത്രത്തിൽ അഭിരുചി യുള്ള....... കുട്ടികൾക്കും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കാൻ അവസരം നൽകുന്നു.
4. എല്ലാ കുട്ടികളിലും, ശാസ്ത്രബോധവും, പ്രകൃതി ബോധവും വളർത്താൻ കഴി യുന്നു.
5. കുട്ടികളിലെ സോഫ്റ്റ് സ്കിൽ വികസിപ്പിച്ച് ശരിയായ പൗരന്മാരായി വളരാൻ സഹായിക്കും.
6. കുട്ടികളിലുള്ള വിവിധ വൈദഗ്ദ്ധ്യങ്ങൾ കണ്ടെത്തി പരിപോഷിപ്പിക്കാൻ അവസ രമൊരുക്കും.
7. ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകൾ അനായാസം ഉപയോഗിക്കാൻ വേണ്ട അവസരം ഒരുക്കും, അതിനുള്ള കഴിവ് വർദ്ധിപ്പിക്കും.

8. കുട്ടികളിൽ കൂട്ടായ്മ വളർത്താനും, മാനസിക പിരിമുറുക്കം കൂടാതെ ജീവിക്കാനുമുള്ള കരുത്ത് പകരും.
9. കുട്ടികളുടെ, ശാരീരിക, മാനസിക, വൈകാരിക, വൈജ്ഞാനികവും കല, കായികവുമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാൻ, രക്ഷിതാക്കളും, സ്കൂളും, സമൂഹവും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു.
10. കുട്ടികളുടെ സൃഷ്ടികൾ, കഴിവുകൾ, കണ്ടെത്തലുകൾ സമൂഹത്തിൽ അവതരിപ്പിക്കാനും അംഗീകാരം നേടാനും അവസരമൊരുക്കുന്നു.
11. ഓരോ മേഖലയിലേയും നല്ല പെർഫോമൻസ്സും, വ്യക്തി മുദ്ര പതിപ്പിച്ചവരുമായി ഇന്ററാക്ഷന് അവസരമൊരുക്കാൻ കഴിയുന്നു.
12. കുട്ടികൾ അഭിമുഖീകരിക്കുന്ന ദൈനം ദിന പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്നു.
13. നാട്ടിലെ ഭരണസംവിധാനങ്ങൾ, സ്ഥാപനങ്ങൾ അവയുടെ ആവശ്യകത, പ്രവർത്തനങ്ങൾ എന്നിവ പഠിക്കാൻ അവസരം ഒരുക്കുന്നു.
14. ഭരണഘടന, പൗരബോധം, ട്രാഫിക്ക് നിയമങ്ങൾ ലഘുവായ രീതിയിൽ കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കുന്നു.
15. കുട്ടികളിൽ ഉണ്ടാകുന്ന, ഉണ്ടാകേണ്ട മാറ്റത്തിന് അനുസരിച്ച് രക്ഷിതാക്കൾക്കും, അദ്ധ്യാപകർക്കും പരിശീലനം നൽകുന്നു.
16. കുട്ടികളുടെ മാനസികോല്ലാസത്തിനും, വികാസത്തിനും കാരണമാകുന്നു

## XI. മോണിറ്ററിങ്ങ് ആന്റ് ഇവാല്യൂയേഷൻ

ഇതിന്റെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ, സ്കൂൾതലത്തിൽ ഓരോ കമ്മറ്റിക്ക് രൂപം നൽകും. കമ്മറ്റിയുടെ ഘടനയും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

**ഘടന – പഞ്ചായത്ത് തലം**

പഞ്ചായത്ത് തലത്തിൽ ഈ പ്രവർത്തനങ്ങ്ഹൾ വിലയിരുത്താനും, മോണിറ്റർ ചെയ്യാനുമായി ചുവടെ കൊടുക്കുന്ന തരത്തിൽ ഒരു കമ്മറ്റിക്ക് രൂപം നൽകും.

| | | |
|---|---|---|
| ചെയർമാൻ | – | വൈസ്പ്രസിഡന്റ് |
| വൈസ്ചെയർമാൻ | – | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ |
| കൺവീനർ | – | സംഘാടക സമിതിയിൽ ഇല്ലാത്ത ഒരു HM/ |

അദ്ധ്യാപകൻ

ജോ.കൺവീനർ - വിഷയ വിദഗ്ദ്ധയായ ഒരു സന്നദ്ധ പ്രവർത്തക/ൻ

അംഗങ്ങൾ - വിഷയ വിദഗ്ദ്ധരായ മൂന്ന്പേർ (കോളേജ് അദ്ധ്യാപകർ അടക്കം ആലോചിക്കാവുന്നതാണ്)

- വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ

ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ് പ്രധാനമായും വിലയിരുത്തേണ്ടത്

1. സംഘാടക സമിതി, അക്കാഡമിക് കമ്മറ്റി പ്രവർത്തനങ്ങൽ വിലയിരുത്തൽ
2. സംഘടന പ്രവർത്തനങ്ങൾ
3. സുതാര്യത, പങ്കാളിത്തം, ലക്ഷ്യപ്രാപ്തി എന്നിവ വിലയിരുത്തൽ
4. തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം
5. വിഭവ സമാഹരണം, ധനവിനിയോഗം
6. നിരന്തരം നടത്തുന്ന പരിശീലനങ്ങൾ, സ്റ്റേജ് ഷോകൾ, മീറ്റിങ്ങുകൾ, പൊതുപരിപാടികൾ എന്നിവയുടെ സംഘാടനം, നടത്തിപ്പ്, ഫലം എന്നിവ വിലയിരുത്തണം.

ഇത്തരത്തിൽ വിലയിരുത്തുന്നതിന് മോണിറ്റർ ചെയ്യുന്നതിന് സഹായകമായി ഈ പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ സ്കൂളിലും കുറഞ്ഞത് അഞ്ച് പേരടങ്ങുന്ന ഒരു മോണിറ്ററിങ്ങ് ആൻര് ഇവാല്യൂയേഷൻ കമ്മറ്റിക്ക് രൂപം നൽകണം. ഇവരുടെ പ്രധാന ഉത്തരവാദിത്വങ്ങൾ ചുവടെ കൊടുക്കുന്നവയാണ്.

1. കൃത്യമായി മുകളിൽ പറഞ്ഞ രീതിയിൽ പ്രവർത്തനങ്ങൾ വിലയിരുത്തി പഞ്ചായത്ത് മോണിറ്ററിംഗ് കമ്മറ്റിക്ക് നൽകുക.
2. പഞ്ചായത്ത് മോണിറ്ററിംഗ് കമ്മറ്റിയുടെ നിർദ്ദേശാനുസരണ പ്രാദേശിക സംഘടനയുടെ നിർദ്ദേശാനുസരണം പ്രാദേശിക സംഘാടക സമിതികളുമായി കൂടിയിരുന്ന് ചർച്ചകൾ സംഘടിപ്പിക്കുക.